# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5816** **30.07.2015 ൽ മറുപടിയ്ക്ക്**

## സോളാർ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ : | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കെ.എസ്.ഇ.ബി., സോളാർ എനർജി കോർപ്പറേഷനുമായി ചേർന്ന് പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; ഈ പദ്ധതിയുമായി ഏതെങ്കിലും സ്വകാര്യ ഏജൻസികൾ സഹകരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയം ആവിഷ്കരിക്കുന്ന സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുവാനായി 18.02.2015-ൽ ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം വിവിധ സൗരോർജ്ജ പദ്ധതികൾ കണ്ടെത്തുകയും അത് നടപ്പിൽ വരുത്തുവാനുള്ള പ്രാഥമിക നടപടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.<br>സോളാർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ നടപടികൾ നടന്നു വരികയാണ്. സോളാർ പാർക്കിൽ നിന്നും സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യും THDCIL-മായി 50 MW വീതം വൈദ്യുതി ഉല്പാദിപ്പിക്കുവാനായുള്ള പ്രാഥമിക കരാർ 31.03.2015-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും, സോളാർ എനർജി കോർപ്പറേഷനും പ്രസ്തുത കമ്പനികളുമായി ഒപ്പു വച്ചിട്ടുണ്ട്. സോളാർ പാർക്കിലെ 200 MW-ൽ ബാക്കി വരുന്ന 100-MW വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ്ങ് വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ സ്വകാര്യ ഏജൻസികൾക്ക് ഈ പദ്ധതിയുമായി ഇതുവരെ സഹകരിക്കേണ്ടി വന്നിട്ടില്ല. |
| (ബി) സോളാർ പാർക്കിൽ ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം നല്കുമോ ; | (ബി) ഇല്ല. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായതിനുശേഷമേ ചെലവ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

(സി) ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കാൻ ആവശ്യമായ പ്രസരണ ശൃംഖല ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(സി) പദ്ധതിയുടെ പ്രാഥമിക വിവരശേഖരണം മാത്രമേ നടത്തിയിട്ടുള്ളൂ. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനോടൊപ്പം മാത്രമേ പ്രസരണ ശൃംഖല ആസൂത്രണം ചെയ്യുകയുള്ളൂ.

സെക്ഷൻ ഓഫീസർ